ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : അരീക്കോട് ചപ്പണ്ണത്തോട്ടിൽ നാഗൻകുട്ടിയുടെ മകൻ 27 വയസ്സുള്ള അനൂപിനെ 29-3-2010 വൈകിട്ട് 4.00 മണിക്കുശേഷം വീട്ടിൽനിന്നും കാണാതായ കാര്യത്തിൽ പിതാവിന്റെ പരാതിപ്രകാരം അരീക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം 128/2010 ആയി 31-3-2010 രാവിലെ 11.00 മണിക്ക് മാൻ മിസ്സിംഗിന് കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണം നടത്തിവരവെ 1-4-2010-ന് രാവിലെ അനൂപിന്റെ മൃതദേഹം ഖാലിദ് എന്നയാളിന്റെ ആൾമറയില്ലാത്ത കിണറ്റിൽ കാണപ്പെട്ടു. മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയ കോഴിക്കോട് മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം ഡോക്ടറുടെ റിപ്പോർട്ടിൽ അനൂപ് വെള്ളത്തിൽ മുങ്ങി മരണപ്പെട്ടെന്നാണ് കാണിച്ചിട്ടുള്ളത്. അനൂപിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ബന്ധുക്കൾ അഭിപ്രായപ്പെട്ടതിനാൽ അരീക്കോട് പോലീസ് സബ് ഇൻസ്പെക്ടർ ഈ കേസിന്റെ അന്വേഷണം ഊർജ്ജിതമായി തുടർന്നുവരുന്നതാണ്. അനൂപിന്റെ അടുത്ത സുഹൃത്തും അയൽവാസിയുമായ ഉണ്ണിക്കുട്ടി മകൻ 23 വയസ്സുള്ള സുനിൽകുമാർ തന്റെ വീടിനു സമീപത്തുള്ള പ്ലാവിൽ തൂങ്ങിമരിച്ചതായി 1-4-2010-ന് രാവിലെ 6.00 മണിക്ക് കാണപ്പെട്ട കാര്യത്തിൽ സുനിൽകുമാറിന്റെ ബന്ധുവായ വേലായുധന്റെ പരാതിപ്രകാരം അരീക്കോട് പോലീസ് സ്റ്റേഷനിൽ അസ്വാഭാവിക മരണത്തിന് ക്രൈം 129/2010 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയ മഞ്ചേരി ജില്ലാ ആശുപത്രിയിലെ പോലീസ് സർജന്റെ മൊഴിയിലും പോസ്റ്റുമോർട്ടം റിപ്പോർട്ടിലും സുനിൽകുമാർ തൂങ്ങി മരണപ്പെട്ടതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. മൃതദേഹത്തിൽ നിന്നും ആത്മഹത്യാക്കുറിപ്പ് കണ്ടെടുത്തിട്ടുള്ളതുമാണ്. അന്വേഷണത്തിൽ അനൂപിനെ കാണാതായതിലുള്ള മനോവിഷമം കാരണം സുനിൽകുമാർ സ്വയം കെട്ടിത്തൂങ്ങി മരണപ്പെട്ടതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ കേസിന്റെ അന്വേഷണം പൂർത്തിയാക്കി ആത്മഹത്യയാണെന്ന് തീർച്ചപ്പെടുത്തി പട്ടികയിൽ നിന്നും കുറവു ചെയ്യുന്നതിന് 24-4-2010 ന് കോടതി മുമ്പാകെ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നേരത്തെയുള്ള കേസിന്റെ അന്വേഷണം മലപ്പുറം എസ്.പി. യുടെ നേതൃത്വത്തിൽ പ്രത്യേകമായി പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(6) ആദിവാസികൾക്ക് ഭൂമി നൽകാൻ നടപടി

ശ്രീമതി ജെ. അരുന്ധതി : സർ, എന്റെ മണ്ഡലത്തിൽപ്പെട്ട നന്ദിയോട്-വിതുര പഞ്ചായത്തിലെ ഭൂരഹിതരായിട്ടുള്ള ആദിവാസികൾ കഴിഞ്ഞ എട്ടുവർഷക്കാലമായി പൊട്ടൻചിറ എന്നുപറയുന്ന പ്രദേശത്ത് റവന്യൂ ഭൂമിയിൽ കുടിൽകെട്ടി താമസിച്ചുവരുന്നു. അവർക്കാവശ്യമായിട്ടുള്ള ഭക്ഷ്യവസ്തുക്കൾ എല്ലാംതന്നെ അവർ അവിടെ ഉൽപ്പാദിപ്പിച്ച് കഴിഞ്ഞുപോകുകയാണ്. ഭൂരഹിതരായിട്ടുള്ള പാവപ്പെട്ടവർക്ക് അങ്ങ് ഈ സംസ്ഥാനത്ത് ഭൂമി പതിച്ചുകൊടുക്കുന്നതിനെ സ്വാഗതം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനോടൊപ്പം തന്നെ എന്റെ ഈ കുടുംബാംഗങ്ങൾക്കും ഭൂമി കിട്ടുന്നതിനാ വശ്യമായിട്ടുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, തിരുവനന്തപുരം ജില്ലയിൽ വനാവകാശ നിയമപ്രകാരം 1475 ആദിവാസി കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 3765 അപേക്ഷകളിൽ കൈവശാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുത ഗതിയിൽ പൂർത്തിയായിവരുന്നു. ഇതിൽ ആര്യനാട്, വിതുര, തൊളിക്കോട് വില്ലേജുകളിലെ ഗുണഭോക്താക്കൾക്കുള്ള ഏകദേശം 3000-ത്തോളം പേർക്കുള്ള കൈവശരേഖ വിതരണം 27-7-2010-ൽ നടത്താൽ തീരുമാനിച്ചിരിക്കുകയാണ്. ഇതിനുപുറമേ വിവാദത്തിൽപ്പെട്ട 386 ആദിവാസികൾക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്. ഭൂരഹിത ആദിവാസികൾക്ക് ഒരേക്കർ മുതൽ 5 ഏക്കർവരെ ഭൂമി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 16 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ലാന്റ് അസൈൻമെന്റ് പട്ടയവും മിച്ച ഭൂമിയുടെ ഓർഡർ ഓഫ് അസൈൻമെന്റും നൽകിയിട്ടുണ്ട്. ശ്രീമതി ജെ. അരുന്ധതി ഇവിടെ ചൂണ്ടിക്കാണിച്ച സ്ഥലത്തെ ആദിവാസി കുടുംബങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാം, ഇല്ലെങ്കിൽ അവരുടെ അപേക്ഷകൾ കൂടി പരിഗണിക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

(7) കൂടി ഒഴിപ്പിച്ചവർക്ക് തൊഴിൽ ലഭ്യമാക്കൽ

ശ്രീ. എം. കെ. പ്രേംനാഥ് : സർ, ചവറ കെ.എം.എം.എൽ കമ്പനിക്കുവേണ്ടി ധാതുമണൽ ഖനനത്തിന് കുടിയൊഴിപ്പിച്ച ആളുകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയിട്ടുള്ള ഒരു സബ്മിഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. വളരെയധികം പ്രയാസത്തിലാണ് ഇവർ ജീവിക്കുന്നത്. ഇവർക്ക് ജോലി നൽകുന്നതിനു വേണ്ടിയിട്ടുള്ള ഒരു കരാർ മുമ്പ് ഉണ്ടായിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഈ പാവപ്പെട്ടവരെ സഹായിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, 1998-2000-ത്തിൽ പന്മന കടൽത്തീരത്ത് 23 ഏക്കർ സ്ഥലം എൽ. എ. ആക്ട് പ്രകാരം അക്വയർ ചെയ്യുകയും അവിടെനിന്നും സീ വാഷിംഗ് ചെയ്ത ധാതുമണൽ സംഭരിച്ച് കമ്പനിയിൽ എത്തിക്കുന്നതിനും കരാർ കൊടുത്തപ്പോൾ ജോലിക്കാവശ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളിൽ നിന്ന് ഓരോരുത്തരെ ഉൾപ്പെടുത്തി തയ്യാറാക്കിയ പാനലിൽനിന്ന് കരാറുകാരന്റെകൂടെ ജോലിക്ക് അയയ്ക്കുകയുണ്ടായി. ഇപ്പോൾ അപ്രകാരം 168 പേർ പ്രസ്തുത മൈനിംഗ് സ്ഥലത്ത് ജോലി ചെയ്യുന്നുണ്ട്. പന്മന പ്രദേശത്ത് ബാക്കിയുള്ള 168 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം 2003-ൽ നടപടിക്രമങ്ങളാരംഭിച്ചു. 2006-ൽ ആ പ്രദേശത്തുണ്ടായ സംഘർഷത്തെത്തുടർന്ന് 21-9-2006-ൽ വ്യവസായ,ജലവിഭവ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന

LIBRARY ARCHIVES Kerala Legislative Assembly